# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏലംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM(11)/2776/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏലംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM(11)/2776/22 തീയ്യതി: 23/03/2023

## മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 09-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.നസ്സീർ .ടി.കെ ഓഡിറ്റ് ഓഫീസർ
2.ശ്രീ.ഷാജഹാൻ ഖുറൈശി അസി.ഓഡിറ്റ് ഓഫീസർ
3.ശ്രീമതി.വിനീത പി.പി ഓഡിറ്റർ
4.ശ്രീമതി.ഷീബ.പി ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സി.സുകുമാരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ജ്യോതി ലക്ഷ്മി | സെക്രട്ടറി | 01-04-2021 | 27-07-2021 |
| ശ്രീ.സുനിൽകുമാർ ടി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-07-2021 | 05-08-2021 |
| ശ്രീ. ബാബു.ഒ | സെക്രട്ടറി | 06-08-2021 | 06-08-2021 |
| ശ്രീ.സുനിൽകുമാർ ടി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-08-2021 | 23-08-2021 |
| ശ്രീ.ബാബു. | സെക്രട്ടറി | 24-08-2021 | 05-10-2021 |
| ശ്രീസുനിൽകുമാർ ടി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-10-2021 | 11-10-2021 |
| ശ്രീമതി.ജയശ്രീ.എസ് | സെക്രട്ടറി | 12-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുനിൽകുമാർ.ടി.പി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ജംസീറ.സി.പി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ശ്രീജിത്ത്.കെ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ഫൗസിയ മുസ്തഫ | MO (PHC) | 01-04-2021 | 31-03-2022 |
| ഡോ.മിഥുൻ.സി | MO (സിദ്ധ) | 01-04-2021 | 31-03-2022 |
| ഡോ.നിസാർ.കെ | കൃഷി ഓഫീസർ | 01-04-2021 | 01-01-2022 |
| ശ്രീമതി.സരള.കെ | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ.ബൈജു.പി.സി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.സാവിത്രി.പി | ഐ.സിഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. മാരിയത്ത് കിബ്ത്തിയ | കൃഷി ഓഫീസർ | 02-01-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം(ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | ഫണ്ട് വിനിയോഗം -66.4 ലക്ഷം രൂപ തൻവർഷം ചെലവഴിക്കപ്പെട്ടില്ല | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | പദ്ധതി അവലോകനം-മോണിട്ടറിങ് കാര്യക്ഷമമാക്കണം | 1-5-1 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-6-1 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റ വിവരം | 1-10 |
| 14 | വാർഷിക കണക്ക് അപാകതകൾ | 1-11 |
| 15 | ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ അപാകതകൾ | 1-12 |
| 16 | റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരണം | 1-13 |
| 17 | കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി -നടപടി സ്വീകരിക്കേണ്ടതാണ്. | 1-14 |
| 18 | എസ്.എസ്.കെ. വിഹിതം നൽകൽ-രേഖകൾ ഹാജരാക്കിയിട്ടില്ല | 1-15 |
| 19 | എഫ്.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. | 1-16 |
| 20 | പരിരക്ഷ പദ്ധതി പ്രകാരം മരുന്ന് വാങ്ങൽ- മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. | 1-17 |
| 21 | ദുരിതാശ്വാസ നിധി -നടപടി സ്വീകരിച്ചിട്ടില്ല | 1-18 |
| 22 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല | 1-19 |
| 23 | പൊതുമരാമത്ത് പ്രവൃത്തികൾ -അപാകതകൾ | 1-20 |
| 24 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ വിതരണം ചെയ്യാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്. | 1-21 |
| 25 | കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി -അപാകതകൾ | 1-22 |
| 26 | തെരുവ് വിളക്ക് പരിപാലനവും സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കലും- അപാകതകൾ | 1-23 |
| 27 | സെക്രട്ടറി-ചെലവ് ധനവിനിയോഗ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് | 1-24 |

| | | |
|---|---|---|
| 28 | ശ്മശാനം മെഷീനറി റിപ്പയർ - പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-25 |
| 29 | ആശ്രയ കിറ്റ് വിതരണം -TDS നടത്തിയിട്ടില്ല | 1-26 |
| 30 | വൃക്ക രോഗികൾക്ക് ധനസഹായം -ജില്ലാ പഞ്ചായത്തിന് വിഹിതം നൽകാത്തത് സംബന്ധിച്ച് | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 22.02.2021 | 1(1)-07.03.2022 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2022 | 26.07.2022 | -- | -- |

### 1-3 സാമ്പത്തിക വിശകലനം(ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | വർഷം (2021-22) |
|---|---|
| മുന്നിരിപ്പ് | 14868683 |
| വരവ് | 96922356 |
| ആകെ | 111791039 |
| ചെലവ് | 92789172 |
| നീക്കിയിരിപ്പ് | 19001867 |

### 1-4 ഫണ്ട് വിനിയോഗം

0

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ ) | 0 | 12261894 | 12261894 | 12246832 | 15062 |
| പ്ലാൻ (SCP) | 0 | 8829973 | 8829973 | 8819654 | 10319 |
| പ്ലാൻ (TSP) | 0 | 0 | 0 | 0 | 0 |
| CFC (Untied ) | 0 | 2924740 | 2924740 | 2511441 | 413299 |
| CFC (TIED) | 0 | 8038752 | 8038752 | 2783932 | 5254820 |
| റോഡ് (MG) | 0 | 6414000 | 6414000 | 6282223 | 131777 |
| റോഡിതരം (MG) | 0 | 5154504 | 5154504 | 4335639 | 818865 |
| ബി.ഫണ്ട് | 0 | 56228043 | 56228043 | 56228043 | 0 |

താഴെപ്പറയുന്ന ഫണ്ടിനങ്ങളുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് വരവിനേക്കൾ കൂടുതലാണ്

| ഫണ്ടിനം | ACR പ്രകാരം | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | |
|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് |
| പ്ലാൻ ജനറൽ | 12261894 | 12246832 | 12261894 | 14330944* |
| പ്ലാൻ എസ്.സി.പി | 8829973 | 8819654 | 8819654 | 9223681** |

(* &** വരവിനേക്കാൾ കൂടുതൽ ചെലവ് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല )

### 1-4-1 ഫണ്ട് വിനിയോഗം -66.4 ലക്ഷം രൂപ തൻവർഷം ചെലവഴിക്കപ്പെട്ടില്ല

തൻവർഷത്തെ സർക്കാർ ഗ്രാന്റ് വിനിയോഗ വിവരം ചുവടെ ചേർക്കുന്നു

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ ) | 0 | 12261894 | 12261894 | 12246832 | 15062 | 99.00% |
| പ്ലാൻ (SCP) | 0 | 8829973 | 8829973 | 8819654 | 10319 | 99.00% |
| പ്ലാൻ (TSP) | 0 | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| CFC (Untied ) | 0 | 2924740 | 2924740 | 2511441 | 413299 | 86.00% |
| CFC (TIED) | 0 | 8038752 | 8038752 | 2783932 | 5254820 | 35.00% |
| റോഡ് (MG) | 0 | 6414000 | 6414000 | 6282223 | 131777 | 97.00% |
| റോഡിതരം (MG) | 0 | 5154504 | 5154504 | 4335639 | 818865 | 84.00% |
| ആകെ | 0 | 43623863 | 43623863 | 36979721 | 6644142 | 85.00% |

തൻവർഷം ലഭ്യമായ 4.36 കോടി രൂപയിൽ വിവിധ സർക്കാർ ഗ്രാന്റിൽ 3.69 കോടി മാത്രം ചെലവഴിക്കപ്പെട്ടു(88%). 66.4 ലക്ഷം തൻവർഷം ചെലവഴിക്കപ്പെട്ടില്ല (ആയതിൽ 26 ലക്ഷം സ്പിൽ ഓവർആയി ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്). പൂർണ്ണതോതിലുള്ള ഫണ്ട് വിനിയോഗത്തിന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 98028923 | 148 | 67399552 | -- | 25 | 86% |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

## 1-5-1 പദ്ധതി അവലോകനം-മോണിട്ടറിങ് കാര്യക്ഷമമാക്കണം

തൻവർഷം വിവിധ ഫണ്ടുകൾ വകയിരുത്തി തയ്യാറാക്കിയ വാർഷിക പദ്ധതി അവലോകന വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 0 | 4449000 | 4223000 | 94.00% |
| വെറ്റിനറി സർജ്ജൻ | 11 | 11 | 0 | 3891000 | 3025835 | 78.00% |
| MO (PHC) | 7 | 7 | 0 | 2905277 | 2812762 | 96.00% |
| Mo (Sidha ) | 5 | 5 | 0 | 1225000 | 720018 | 59.00% |
| VEO | 21 | 18 | 3 | 45919666 | 27717188 | 60.00% |
| ICDS | 10 | 6 | 4 | 8274600 | 6853799 | 83.00% |
| സെക്രട്ടറി | 35 | 24 | 11 | 10529725 | 6085163 | 58.00% |
| ഹെഡ് മാസ്റ്റർ | 7 | 6 | 1 | 1520000 | 1436173 | 94.00% |
| അസി.എൻജി. | 65 | 59 | 6 | 17567755 | 12778714 | 73.00% |
| അസി.സെക്രട്ടറി | 4 | 4 | 0 | 1746900 | 1746900 | 100.00% |
| ആകെ | 173 | 148 | 25 | 98028923 | 67399552 | 85.00% |

തൻവർഷം തയ്യാറാക്കായി 9.8 കോടിയുടെ 38 സ്പിൽ ഓവർ പ്രൊജക്ട് ഉൾപ്പെടെ 173 പ്രൊജക്ടിൽ 148 പ്രൊജക്ടുകൾ 6.73 കോടി ചെലവവിച്ച് സമയബന്ധിതമായി പൂർത്തീകരിച്ചു(85%). 2 സ്പിൽ ഓവർ പ്രൊജക്ട് ഉൾപ്പെടെ 25 പ്രൊജക്ടുകൾ നിർവ്വഹണം നടത്തിയിട്ടില്ല. മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1056446 | 294558 | 1351004 | 1312022 | 38982 |
| EFMS തുക(നേരിട്ട് നൽകുന്നത്) | 0 | 16004476 | 16004476 | 16004476 | 0 |
| | 1056446 | 16299034 | 17355480 | 17316498 | 38982 |

വാർഷിക കണക്ക് തുകകൾ യഥാർത്ഥ വരവ് ചെലവുമായി പൊരുത്തപ്പെടുന്നില്ല.

## 1-6-1 തൊഴിലുറപ്പ് പദ്ധതി - അവലോകനം

| ക്രമനം. | വിശദാംശം | 2021-22 |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 254 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 254 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 207 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 2.36കോടി |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 204 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 174 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 12 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 17355480 |
| 9 | തൻവർഷത്തെ ആകെ ചെലവ് | 17316498 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1336 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1181 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 158 |
| 13 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 12 |

തൻ വർഷം തൊഴിൽ ആവശ്യപ്പെട്ട 1336 കുടുംബങ്ങളിൽ 1181 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട് (88%) . 100 തൊഴിൽ ദിനങ്ങൾ നൽകിയത് 158 പേർക്ക് മാത്രമാണ് (12%) തൊഴിൽ ആവശ്യപ്പെട്ട എല്ലാ കുടുംബങ്ങൾക്കും 100 തൊഴിൽ ദിനങ്ങൾ നൽകാവുന്ന വിധത്തിൽ വാർഷിക പദ്ധതി തയ്യാറാക്കാൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 00 | 00 |
| കർഷകതൊഴിലാളി പെൻഷൻ | 5690000 | 335 |
| വിധവാ പെൻഷൻ | 16820200 | 1065 |
| വാർദ്ധക്യകാല പെൻഷൻ | 25664000 | 1737 |
| വികലാഗ പെൻഷൻ | 5846400 | 371 |
| വിവാഹ ധനസഹായം | 30000 | 1 |
| 50 വയസ്സിന മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1796000 | 111 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2022 ന് 10.50 AM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 10485/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തികളുടെയും സ്റ്റോക്കിന്റെയും ഭൗതികപരിശോധന നടത്തിയിട്ടില്ല.
2.വെറ്ററിനറി സർജൻ,കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. വിവിധ ക്ഷേമ പദ്ധതികളുടെ രജിസ്റ്ററുകൾ കാലികമാക്കുന്നില്ല.

4.ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഇൻക്യുബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. വായ്പ/വായ്പ തിരിച്ചടവ് രജിസ്റ്റർ കാലികമാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.09.2022 | 01.04.2022-30.06.2022 | 27.09.2022 |
| എ.ജി. ഓഡിറ്റ് | 17.12.2013-02.01.2014 | 2008-09 മുതൽ 2012-13 വരെ | 18.02.2014 |

## 1-11 വാർഷിക കണക്ക് അപാകതകൾ

1. ഡെപ്പോസിറ്റ് രജിസ്റ്റർ സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ, വാർഷിക കണക്കിലെ ഡെപ്പോസിറ്റ് ഇനത്തിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
2. 2011 ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62.2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62.2(എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യതുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3. B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള NREGS, TSC, SSAഎന്നീ ഇനങ്ങൾ ഒഴികെയുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം കണക്കാക്കിയത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5. മുൻ വാർഷികക്കണക്കിലെ അപാകതകൾ പരിഹരിച്ച് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
6.തൊഴിലുറപ്പ് യഥാർത്ഥ വരവ് ചെലവുമായി പൊരുത്തപ്പെടുന്നില്ല.
അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം:8/21-22/16.11.22)

## 1-12 ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ അപാകതകൾ

കെട്ടിട നിർമ്മാണ അപേക്ഷകളിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് 02.12.2015 ലെ 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണാനുമതിക്കായി ലഭിക്കുന്ന അപേക്ഷകൾ നിശ്ചിത മാതൃകയിലുള്ള ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയാണ് തുടർ നടപടി സ്വീകരിക്കേണ്ടത്. ഇത് സംബന്ധിച്ച് സർക്കുലറിൽ വ്യക്തമാക്കുന്ന കാര്യങ്ങൾ താഴെ നൽകുന്നു.

ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറന്റ് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷ സംബന്ധിച്ച എല്ലാ തുടർ നടപടി വിവരങ്ങളും ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. രേഖപ്പെടുത്തലുകൾക്കിടയിൽ രജിസ്റ്ററിലെ ഉപയോഗിക്കാത്ത പേജുകളും വരികളും റദ്ദ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം. അപേക്ഷകൾ പരിശോധനക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്ന വിവരങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പെർമിറ്റ് അനുവദിക്കുകയാണെങ്കിൽ ഫീസ് അടച്ച വിവരം, പെർമിറ്റ് നമ്പർ, തിയ്യതി എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിച്ച് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.രേഖപ്പെടുത്തലുകൾക്കിടയിൽ രജിസ്റ്ററിലെ ഉപയോഗിക്കാത്ത പേജുകളും വരികളും റദ്ദ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ: പെർമിറ്റ് രജിസ്റ്റർ പേജ് നമ്പർ-101 (BL-1 ) പൂർണ്ണമായും ഉപയോഗിക്കാതെ അടുത്ത് രജിസ്റ്റർ ഉപയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. ഉപയോഗിക്കാത്ത ഭാഗം റദ്ദ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. )

2.പല അപേക്ഷകളിലേയും തുടർനടപടി സംബന്ധിച്ച് യാതൊരു വിവരവും രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. അയതിനാൽ പെർമിറ്റ് അനുവദിച്ചിട്ടുണ്ടോ ഇല്ലയോയെന്ന് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. (ഉദാ: ശ്രീ.ശങ്കര നാരായണൻ. തച്ചാട്ടുപുത്തൻ വീട്ടിൽ ഹൗസ് എന്നവരുടെ 16.7.21ലെ 3352/21 നമ്പർ അപേക്ഷ )

3.പെർമിറ്റ് രജിസ്റ്റർ നിർവ്വഹണോദ്യോഗസ്ഥൻ കൃത്യമായി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. (ഉദാ: പെർമിറ്റ് അനുവദിക്കാത്ത അപേക്ഷകൾ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം :19/21-22/18.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരണം

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2021-2022 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

(എ) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149, പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് ആവശ്യമാണ്. (സിവിൽ സപ്ലൈസ് കമ്മീഷണറുടെ ഉത്തരവ് നമ്പർ : (സി.എസ്) എ-9-764/2019 തിയതി. 22-01-2019 പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്). എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ എണ്ണം അവ ലൈസൻസ് എടുപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം:21/21-22/19.11.22) മറുപടി സമർപ്പിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് സ്വീകരിക്കുന്ന തുടർനടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി -നടപടി സ്വീകരിക്കേണ്ടതാണ്.

സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരവധി കോൺട്രാക്ടർമാർ ജോലി ചെയ്തു വരുന്നതായി ബോധ്യപ്പെട്ടു. ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ, അല്ലാതെയോ 60 ദിവസം വരുമാനം ആർജ്ജിക്കുന്ന ഓരോ വ്യക്തിയും പഞ്ചായത്തിൽ അതാത് അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്. ഇതു പ്രകാരം താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം:20/21-22/18.11.22)) മറുപടി ലഭ്യമാക്കിയിട്ടില്ല.

| കോൺട്രാക്ടർമാരുടെ പേര് | പ്രവൃത്തി ഏറ്റെടുത്ത വിവരം |
|---|---|
| ശ്രീ. മുഹമ്മദ് മുസ്തഫ | റോഡ് നിർമ്മാണ പ്രവൃത്തികൾ |
| ശ്രീ. അബ്ദുൽ നാസ്സർ | റോഡ് നിർമ്മാണ പ്രവൃത്തികൾ |
| ശ്രീ. ഇബ്രാഹിം | റോഡ് നിർമ്മാണ പ്രവൃത്തികൾ |
| ശ്രീ. സിദ്ധിക്ക് .എൻ | റോഡ് നിർമ്മാണ പ്രവൃത്തികൾ |
| ശ്രീ.അബ്ദു.പി | റോഡ് നിർമ്മാണ പ്രവൃത്തികൾ |
| ശ്രീ.മുഹമ്മദ് അൻവർ ഹുസൈൻ | റോഡ് നിർമ്മാണ പ്രവൃത്തികൾ |

(അവലംബകം -പഞ്ചായത്ത് അസി.എൻജിനിയറുടെ 2021-22 ലെ എഗ്രിമെന്റ് രജിസ്റ്റർ )

തൊഴിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകി റിട്ടേൺ പരിശോധിച്ച് തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 എസ്.എസ്.കെ. വിഹിതം നൽകൽ-രേഖകൾ ഹാജരാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥ : ഹെഡ്മിസ്ട്രസ്സ്

1. പ്രൊജക്ട് : എസ്.എസ്.കെ. വിഹിതം നൽകൽ

പ്രൊജക്ട് നം : 65/2022

അടങ്കൽ - 5,00,000 (വികസന ഫണ്ട് )

ബിൽ.നം. / വൗച്ചർ നം. 1/ 11-10-2021 : 5,00,000

2. പ്രൊജക്ട് : എസ്.എസ്.കെ. വിഹിതം നൽകൽ-എസ്.സി.

പ്രൊജക്ട് നം : 61/2022

അടങ്കൽ - 1,00,000 (വികസന ഫണ്ട്-SCP )

ബിൽ.നം. / വൗച്ചർ നം. 2/ 11-10-2021 : 1,00,000

ജി.ഒ (എം.എസ്) 4/2016 തി. 11.01.16, ഖണ്ഡിക11.6.ii പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ എസ്.എസ്.എ. പ്രൊജക്ട് തയ്യാറാക്കേണ്ടത്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ എസ്.എസ്.എ. പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. ഇപ്രകാരം നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ മേൽ പദ്ധതികൾ പ്രകാരം 6,00,000 രൂപ സമഗ്ര ശിക്ഷാ കേരള സംസ്ഥാന പ്രോജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യ പത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം:12/2021-22/16.11.2022) നൽകിയെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. തുക കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യ പത്രം എന്നിവ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 എഫ്.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (FHC)

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 22/2022, എഫ്.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്/അടങ്കൽ | 800000 (MGNR) |
| ചെലവ് | Rs. 800000 |

മേൽ പ്രൊജക്ട് പ്രകാരം എഫ് എച്ച് സി -യിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് 800000/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. എന്നാൽ ആയതിൽ 659294/- രൂപയുടെ മരുന്നുകൾ മാത്രമാണ് 19.11.2022 വരെ ലഭ്യമായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രം.ന | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| 1 | Prf Inv 5729/15.2.22<br>ബിൽ നം./തീ:24/14.3.2022 | 100000 | Inv /3529/3.06.2022 | 26416 |
| | | | Inv /12181/26.09.2022 | 6933 |
| 2 | Prf Inv 2239/23.9.21<br>ബിൽ നം./തീ:13/28.10.2021 | 369353 | Inv / 15085 / 18.3.2022 | 42449 |
| | | | Inv / 15317/30.3.2022 | 85082 |
| | | | Inv / 3746/6.6.2022 | 52852 |
| | | | Inv / 10762/ 13.9.2022 | 13582 |
| | | | Inv / 13416/ 10.10.2022 | 78606 |
| | | | Inv / 14782/ 25.10.2022 | 50308 |
| | | | Inv / 14779/ 25.10.2022 | 2771 |
| | | | Inv / 15712/ 3.11.2022 | 29163 |
| 3 | Prf Inv 4362/24.12.2021<br>ബിൽ നം./തീ:18/19.1.2022 | 80647 | Inv / 14150/ 1.3.2022 | 17611 |
| | | | Inv / 3684/5.6.2022 | 57147 |
| | | | Inv / 10661/ 12.9.2022 | 3056 |
| 4 | Prf Inv 2748/ 16.10.2021<br>ബിൽ നം./തീ:16/17.11.2021 | 250000 | Inv / 12551/7.2.2022 | 26641 |
| | | | Inv / 3720/ 5.6.2022 | 86219 |
| | | | Inv / 8604/ 19.8.2022 | 22047 |
| | | | Inv / 10717/ 12.9.2022 | 58411 |
| ആകെ | | 800000 | ആകെ | 659294 |

അവശേഷിക്കുന്ന 140706/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, മുഴുവൻ മരുന്നുകളും ലഭ്യമാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്(ഓഡിറ്റ്

എൻക്വയറി നം:10/21-22/16.11.22).

## 1-17 പരിരക്ഷ പദ്ധതി പ്രകാരം മരുന്ന് വാങ്ങൽ- മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (FHC)

| | |
|---|---|
| പ്രൊജക്റ്റ് | 35/2022, പരിരക്ഷ ഹോംകെയർ പദ്ധതി |
| ഫണ്ട്/അടങ്കല് | പൊതുവിഭാഗം സാധാരണ വിഹിതം/617127/-,<br>നോൺ റോഡ്/110000/- |
| ചെലവ് | Rs. 646121/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (FHC) |

മെഡിക്കൽ ഓഫീസർ (FHC) നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റ് പ്രകാരം പരിരക്ഷ പദ്ധതിക്ക് വേണ്ടി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് 205889/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| 1 | Prf Inv 2810/21.10.21<br>ബിൽ നം./തീ:4/17.8.2021 | 150000 | Inv / 12028/ 29.1.2022 | 34033 |
| | | | Inv / 3745/6.6.2022 | 50757 |
| | | | Inv / 10758/13.9.2022 | 19729 |
| | | | Inv / 13685/ 13.10.2022 | 12584 |
| | | | Inv / 14776/ 25.10.2022 | 4127 |
| | | | Inv / 15708/ 3.11.2022 | 7357 |
| 2 | Prf Inv 6759/10.3.2022<br>ബിൽ നം./തീ:26/23.3.2022 | 55889 | Inv / 2543/ 19.5.2022 | 29216 |
| | | | Inv / 9075/23.8.2022 | 19468 |
| | | | Inv / 13168/ 7.10.2022 | 924 |
| ആകെ | | 205889 | ആകെ | 178195 |

ലഭ്യമാക്കാൻ അവശേഷിക്കുന്ന 27694/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, മുഴുവൻ മരുന്നുകളും ലഭ്യമാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നം:11/21-22/16.11.22).

## 1-18 ദുരിതാശ്വാസ നിധി -നടപടി സ്വീകരിച്ചിട്ടില്ല

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്.പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം ബാങ്ക് അക്കൗണ്ട് തുടങ്ങി നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇതിനായി പഞ്ചായത്ത് ബാങ്ക് അക്കൗണ്ട് തുടങ്ങുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. അടിയന്തിര ഘട്ടങ്ങളിൽ ജനങ്ങൾക്ക് ധനസഹായം ലഭ്യമാകുന്നതിനുള്ള ദുരിതാശ്വാസ നിധി സജീവമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

1.ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ആസ്തി രജിസ്റ്റർ 2019-20 വരെ

മാത്രമാണ് കാലികമാക്കിയിട്ടുള്ളത്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം ആസ്തി സംരക്ഷണ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. മാത്രമല്ല ആസ്തി സംരക്ഷണത്തിനായി അംഗീകാരം ലഭിച്ച താഴെ പറയുന്ന പദ്ധതികൾ (MGNR) നിർവ്വഹണം നടത്തിയിട്ടുമില്ല.

| | പ്രൊജക്ട് നം | പ്രവൃത്തി | അടങ്കൽ |
|---|---|---|---|
| 1 | 256/22 | GLPS കുന്നക്കാവ് പൂർത്തീകരണം (MGNR) | 500000 |
| 2 | 69/22 | GLPS കുന്നക്കാവ് നവീകരണം (MGNR) | 632507 |

ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 പൊതുമരാമത്ത് പ്രവൃത്തികൾ -അപാകതകൾ

സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 65 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 59 പ്രൊജക്ടുകൾ ആണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 90ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 65 | ആകെ അടങ്കൽ | 17567755 |
| നടപ്പിലാക്കിയത് | 59 | ചെലവ് | 12778714 |
| ശതമാനം | 90 | ചെലവ് ശതമാനം | 73 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 12 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 2 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ പഞ്ചായത്തിനായിട്ടില്ല.

പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി

2021-22വർഷത്തെ പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി യോഗം ചേർന്നത് 6 തവണയാണ്. പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി യോഗങ്ങളിൽ പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മോണിറ്ററിങ്ങ് കമ്മിറ്റി റിപ്പോർട്ടുകൾ എന്നിവയൊന്നും ചർച്ചചെയ്തിട്ടില്ല.

2021-22 വർഷത്തെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് യോഗം 2 തവണ മാത്രമാണ് ചേർന്നിട്ടുള്ളത്. 16.12.21ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ 6 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. മിനട്സിൽ യാതൊരു നിർദേശങ്ങളും രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ, ഗ്രൂപ്പിന് മാർഗ്ഗ നിർദേശം നൽകുകയോ ചെയ്തിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ രൂപീകരിക്കുന്നതിന് അടിസ്ഥാന രേഖയായി പരിഗണിക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് വർഷം തയ്യാറാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച പരിശോധന പൂർണ്ണ തോതിൽ നടത്താനായിട്ടില്ല. വരും വർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും സ്റ്റാന്റിങ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതുമാണ്.

ടെണ്ടർ നടപടികൾ സുതാര്യമല്ല .

2021-22 വർഷത്തിൽ അംഗീകാരം ലഭിച്ച മുഴുവൻ മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും ബാക്കിയുള്ളവ മാന്വൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്.

മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത ഭൂരിഭാഗം പ്രവൃത്തികളിലും ആകെ രണ്ടോ അതിൽ കുറവോ കരാറുകാർ

മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടർ ലഭ്യമായത് കുറവായതിനാൽ പ്രവൃത്തികൾ റീ ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിലും മിക്കതിലും പിന്നീട് ഒരു ടെണ്ടർ മാത്രമാണ് ലഭ്യമായത്.

രണ്ട് ടെണ്ടർ സമർപ്പിക്കപ്പെട്ടതിൽ എല്ലാ പ്രവൃത്തികളിലും ഒന്നിൽ എസ്റ്റിമേറ്റ് നിരക്കും/ നാമമാത്ര കുറവും രണ്ടാമത്തേത് എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്തു എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന്/നാമമാത്ര കുറവിന് കരാർ ഉറപ്പിക്കുകയുമാണ് ചെയ്തിരിക്കുന്നത്.

2021-22 വർഷത്തിൽ ആകെ പത്തിതിലധികം കരാറുകാർ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കായി ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് എന്നിട്ടും ഭൂരിപക്ഷം പ്രവൃത്തികൾക്കും രണ്ട് കരാറുകാരുടെ ടെണ്ടർ മാത്രമാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.
റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ വിതരണം ചെയ്യാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ മങ്കട ശാഖയിൽ അക്കൗണ്ട് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത അക്കൗണ്ടിൽ 228264/- രൂപ 31.3.2022 ൽ ബാലൻസ് ഉണ്ട്. വിവിധ ഇ-ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ, ക്രഡിറ്റ് ചെയ്യാൻ വേണ്ടിയുള്ള തുക പഞ്ചായത്തിന് കൈമാറാതെ അക്കൗണ്ടിൽ തന്നെ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ഈ അക്കൗണ്ടുകളിലെ പണമിടപാടുകൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാഷ് ബുക്കിലും ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിലും ഉൾപെടുന്നില്ല എന്നതും ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക്/ട്രഷറി | അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,മങ്കട | 38967683837 | 228264/-<br>(31.3.2022നുള്ള ബാലൻസ്) |

തിരിച്ച് കൊടുക്കേണ്ടതില്ലാത്ത തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:2/21-22/14.11.22)ചെലവഴിക്കാത്ത തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. തുടർനടപടി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. എൻക്വയറി നം:2/21-22/10.11.22 ന് സമർപ്പിച്ച മറുപടിയിൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

## 1-22 കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :അസി.എൻജിനിയർ

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 258/22-BKM കള്ളിക്കാട് കുടിവെള്ള പദ്ധതി-മോട്ടോർ മാറ്റൽ (ജനറൽ ) | അടങ്കൽ/ഫണ്ടിനം | 239000(MGNR) |
| ചെലവ് | 238844 | ബിൽ നം: /തീ: | 43/21-22/16.3.22 |
| കോൺട്രാക്ടർ | സിദ്ധിക്ക്.എൻ | എഗ്രിമെന്റ് | 23/21-23 /AE/29.11.22 |
| എംബുക്ക് | 31/21-22 | നിരക്ക് | എസ്റ്റിമേറ്റ് (Cost Index 36.44%) |

(1)മേൽ പ്രൊജക്ടിൽ ഐറ്റം നം(1) ആയി നിലവിലുള്ള മോട്ടോർ മാറ്റിയതിന് (7HP Submersible Open Well Pumb Set With Pannel Board,main Switch,volt Meter ,Pressure Guage , Earthing And Electrification) @18135/kwh നിരക്കിൽ 126945/- രൂപ അനുവദിച്ചിട്ടുണ്ട് .എന്നാൽ പഴയ മോട്ടോർ ( With Pannel Board,main Switch,volt Meter ,Pressure

Guage , Earthing And Electrification )സ്റ്റോക്കിൽ എടുത്ത് പഞ്ചായത്തിന് കൈമാറിയതായി കാണുന്നില്ല.
(2)കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് GO(MS) NO:22/2018/LSGD /14.2.2018 )പ്രകാരം കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചവ അവയുടെ പരിപാലനത്തിന് ഗുണഭോക്താക്കളുടെ പരിപാലന കമ്മിറ്റികൾക്ക് രേഖാമൂലം കൈമാറേണ്ടതുണ്ട്. എന്നാൽ കൈമാറിയതായി രേഖകൾ ഹാജരാക്കിയിട്ടില്ല. അത്തരത്തിൽ കൈമാറുന്ന പദ്ധതികളുടെ തുടർന്നുള്ള പരിപാലനച്ചെലവ് അതാത് കമ്മറ്റികൾ (ജനറൽ വിഭാഗം)തന്നെ വഹിക്കണമെന്നും നിർദ്ദേശമുണ്ട്. ആയതിന്ന് വിരുദ്ധമായി മോട്ടോർ മാറ്റിവെക്കാൻ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:5/21-22/14.11.22) കുടിവെള്ള പദ്ധതിയുടെ പഴയ മോട്ടോർ നിലനിർത്തി പുതിയത് സ്ഥാപിക്കുകയാണ് ചെയ്തതെന്ന് മറുപടി നൽകി ആയത് അംഗീകരിക്കുന്നു. എന്നാൽ ആയത് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കാത്തത് അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. കുടിവെള്ള പദ്ധതികളുടെ (ജനറൽ) അറ്റകുറ്റപ്പണികൾക്ക് പദ്ധതിപണം ചെലവഴിച്ചത് സംബന്ധിച്ച് സമർപ്പിച്ച് വിശദീകരണം തൃപ്തികരമല്ല. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 തെരുവ് വിളക്ക് പരിപാലനവും സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കലും- അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി
പ്രൊജക്റ്റ്നം : S0129 /2022-തെരുവ് വിളക്ക് പരിപാലനവും സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കലും-
അടങ്കൽ : 4,64,290 (3,76,290- ധനകാര്യ കമ്മീഷൻ ഗ്രാൻറ് : 88,000-തനത് ഫണ്ട് )
ചെലവ് :462680/-
വൗച്ചർ നം. :221001077/31-03-2022 : 86,390/-

വൗച്ചർ നം :221001091/31-03-2022 : 3,76,290/-
തെരുവ് വിളക്ക് പരിപാലനത്തിനായുള്ള മേൽ പ്രൊജക്റ്റിന്റെ നിർവ്വഹണത്തിനായി 4,62,680 രൂപ ചെറൂത്ത് എൻറർപ്രൈസസ്, പുലാമന്തോളിന് നൽകിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.
1. ഏതൊക്കെ വാർഡുകളിൽ ഏതൊക്കെ പോസ്റ്റുകളിലാണ് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടത് എന്ന് തീരുമാനിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.
2. സംസ്ഥാന പാതയിൽ ആലുംകൂട്ടം മുതൽ പുളിങ്കാവ് വരെയും, PWDറോഡിൽ ചെറുകര മുതൽ മുതുകുർശ്ശി വരെയും 24 W LEDവിളക്കും പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും 18W LED വിളക്കും സ്ഥാപിക്കുകയും പ്രവർത്തിക്കാത്ത മുഴുവൻ ലൈറ്റുകളും അറ്റകുറ്റപ്പണി നടത്തുകയും ചെയ്യേണ്ടതാണ് എന്നാണ് 22-12-2021ലെ ബി2-4023/2021-ാം നമ്പർ ടെണ്ടർ പരസ്യത്തിലുള്ളത്. എന്നാൽ ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത, ആവശ്യമായ വിളക്കുകളുടെ എണ്ണവും മറ്റു നിർദ്ദേശങ്ങളും രേഖപ്പെടുത്തിയാണ് ശ്രീ. അബ്ദുൽ റഷീദ്, ചെറൂത്ത് എൻറർപ്രൈസസ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ആലുംകൂട്ടം മുതൽ പുളിങ്കാവ് വരെയും ചെറുകര മുതൽ മുതുകുർശ്ശി വരെയും 62 എണ്ണം 25W LED വിളക്കുകളും, പഞ്ചായത്തിലെ ഓരോ വാർഡിലും 4 വീതം 20W LEDവിളക്കുകളും പുതുതായി സ്ഥാപിക്കുന്നതിനും, പഞ്ചായത്തിലെ ഓരോ വാർഡിലും 20വീതം, പ്രകാശിക്കാത്തവ മാറ്റി 20W/30W LED വിളക്കുകൾ സ്ഥാപിക്കുന്നതിനുമുള്ള നിരക്കുകളാണ് കരാറുകാരൻ സമർപ്പിച്ചിട്ടുള്ളത്. ആയതിൽ AMCകൂടാതെയുള്ള നിരക്കുകൾ 21-01-2022ലെ 6(1)-ാം നമ്പർ തീരുമാനം പ്രകാരം ഗ്രാമപഞ്ചായത്ത് അംഗീകരിക്കുകയും ചെയ്തു. ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ടിട്ടില്ലാത്ത ഇനങ്ങൾ കരാറുകാരൻ രേഖപ്പെടുത്തുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.
3.വിളക്കുകൾ റിപ്പയർ ചെയ്തതിൽ ഉപയോഗശൂന്യമായവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച് Register Of Unservisable Items എന്ന രജിസ്റ്ററിൽ ചേർത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
4. കരാറുകാരന് 403500 രൂപ അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും 2% GST ഇനത്തിൽ 8070രൂപ കുറവു ചെയ്യേണ്ടതുണ്ട്. എന്നാൽ 6832രൂപ മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്.
5. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്. ആയത് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
6. തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സ്ഥാപനം പരിപാലിക്കുന്നില്ല. അതുകൊണ്ട് തന്നെ സ്ഥാപിച്ച തെരുവ് വിളക്കുകൾ എണ്ണം, ഇനം,തരം, വാറണ്ടി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
7. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രജിസ്റ്റർ തയ്യാറാക്കി പരാതിയുടെ സമയം,തിയ്യതി,പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ അതിൽ രേഖപ്പെടുത്തേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.14/21-22/16.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 സെക്രട്ടറി-ചെലവ് ധനവിനിയോഗ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

2021-22 ൽ സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന തുകകളുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് -

| ക്രമ നമ്പർ | ബിൽ/വൗച്ചർ നമ്പർ/ തിയ്യതി | തുക | ചെലവ് വിവരം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22100068/26-04-2021<br>22100126/17-05-2021 | 26,800<br>10,000 | സാക്ഷരതാ പ്രേരക് ശ്രീമതി ദേവി ടി.പി.യുടെ ഡിസംബർ,ജനവരി,ഫെബ്രുവരി,മാർച്ച് മാസങ്ങളിലെ ഓണറേറിയം | ആയത് ജി.ഒ.(ആർ.ടി) നം.626/LSGD /26-02-2021 ലെ നിർദ്ദേശ പ്രകാരം ക്രമീകരിച്ച വിവരം. |
| 2 | 22100301/05-08-2021 | 2000 | KREWSന് നൽകിയ വാർഷിക വരിസംഖ്യ | രശീതി |
| 3 | 22100407/13-09-2021 | 1,88,600 | ലൈബ്രറിസെസ് അടവാക്കിയത് | രശീതി |
| 4 | 22100796/04-02-2022 | 3,000 | ശ്രീ. പ്രശാന്ത് വി.ടി, സീനി.ക്ലർക്കിന്റെ ഫെസ്റ്റിവൽ അഡ്വാൻസ് അയച്ച് കൊടുത്തത് | അലയമൺ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള രശീതി |
| 5 | 22100957/10-03-2022 | 3,00,000 | സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കുന്നതിനായി KSEB,പുലാമന്തോളിൽ ഡെപ്പോസിറ്റ് ചെയ്ത തുക. | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |
| 6 | 22100999/22-03-2022<br>ബിൽ നം. 20/ 14-03-2022 | 4,20,606<br>5,14,394 | റൂഫ് ടോപ്പ് സോളാർ പാനൽ സ്ഥാപിക്കുന്നതിന് അനെർട്ട്, മലപ്പുറത്തിന് നൽകിയത് | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |
| | ആകെ | 14,65,400 | | |

ചെലവ് തുക 14,65,400 രൂപ തടസ്സം ചെയ്യുന്നു. ഓഡിറ്റ് അന്വേഷണം നം:15/21-22/16.11.22 ന് ലഭ്യമാക്കിയ മറുപടിയിൽ, രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു.

## 1-25 ശ്മശാനം മെഷീനറി റിപ്പയർ - പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്ട് : ശ്മശാനം മെഷീനറി റിപ്പയർ പ്രവൃത്തി

നം. : S0131/2022

വൗച്ചർ നം. 22100956/10-03-2022 : 1,30,000

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ ശ്മശാനത്തിന്റെ മെഷീനറി റിപ്പയർ ചെയ്യുന്നതിന് തയ്യാറാക്കിയ മേൽ പ്രവൃത്തി പ്രകാരം ആകെ എസ്റ്റിമേറ്റിന്റെ 20% തുകയായ 1,30,000രൂപ മുൻകൂറായി കോസ്റ്റ്ഫോർഡ്, തൃശ്ശൂരിന് നൽകിയിട്ടുണ്ട്. കരാർ പ്രകാരം 4 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ പ്രവൃത്തികളൊന്നും ആരംഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ, അല്ലാത്ത പക്ഷം മുൻകൂർ തുക പലിശ സഹിതം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-26 ആശ്രയ കിറ്റ് വിതരണം -TDS നടത്തിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ : അസി.സെക്രട്ടറി

ഒരു കരാറിന്റെ അടിസ്ഥാനത്തിൽ വാർഷിക അടിസ്ഥാനത്തിൽ സപ്ലൈ ചെയ്തതിന് തുക നൽകുന്ന വേളയിൽ ആയതിന്റെ മൂല്യം 2,50,000രൂപയ്ക്ക് മുകളിലാണെങ്കിൽ CGSTനിയമം, സെക്ഷൻ 51അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 01.10.2018 പ്രാബല്യത്തിൽ 2% ജി.എസ്.ടി.TDS നിർവ്വഹണോദ്യോഗസ്ഥൻ നടത്തണം. നികുതി ബാധകമായ ഇനങ്ങളുടെ GST ഒഴികെയുള്ള വിലയുടെ 2%ആണ് TDS

നടത്തി നികുതി വകുപ്പിന് ഒടുക്കേണ്ടതാണ്. അഗതിരഹിത കേരളം പദ്ധതിയിൽ നടപ്പിലാക്കിയ കിറ്റ് വിതരണം പദ്ധതി പ്രകാരം കേരള ഗ്രാമീൺ ബാങ്കിന്റെ ത്രിവേണി സൂപ്പർമാർക്കറ്റ്, മക്കരപ്പറമ്പ് എന്ന സ്ഥാപനത്തിന് താഴെപ്പറയുന്ന പട്ടികയിൽ പരാമർശിച്ച ഇൻവോയ്സുകൾ പ്രകാരമുള്ള തുക അനുവദിച്ച വേളയിൽ ബാധകമായ 2%നികുതി TDS നടത്തിയിട്ടില്ല.

| പ്രൊജക്റ്റ് | ബിൽ/ചെക്ക് നം/തീയതി | തുക | ബിൽ ഇൻവോയ്സ് /റിമാർക്സ് |
|---|---|---|---|
| അഗതിരഹിത കേരളം പദ്ധതി | 13538/19.4.21 | 60961 | 353/7/529/1.4.21-60961 |
| | 13539/19.7.21 | 61235 | 353/8/15/14.6.21-61235 |
| | 13540/13.9.21 | 53829 | 353/8/2994 /26.8.21-53829 |
| | 13543/19.12.21 | 56641 | 353/8/4018 /13.12.21-56641 |
| | 13544/19.3.22 | 55094 | 353/8/5240 /13.3.22-55094 |

നികുതി വിധേയമായ ഭക്ഷ്യ വസ്തുക്കളുടെ ബില്ലുകളിൽ നിന്ന് TDS കുറവു വരുത്തി ആയത് നികുതി വകുപ്പിൽ ഒടുക്കേണ്ടതായിരുന്നു. സർക്കാർ നിർദ്ദേശത്തിനനുസൃതമായി നികുതി പിടിച്ച് ഒടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 9/21-22/16.11.22 ന്ന് തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

### 1-27 വൃക്ക രോഗികൾക്ക് ധനസഹായം -ജില്ലാ പഞ്ചായത്തിന് വിഹിതം നൽകാത്തത് സംബന്ധിച്ച്

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ (ഡി.എ-1/321/2020/ത.സ്വ.ഭ.വ /1.1.2021 പ്രകാരം ജില്ലയിലെ വൃക്ക രോഗികൾക്ക് ആഴ്ചയിൽ പരമാവധി 1000/-രൂപ പ്രതിമാസം 4000/-രൂപ ഡയാലിസിസ് നടത്തുന്ന ആശുപത്രികൾക്ക് അതാത് നിർവ്വഹണോദ്യോഗസ്ഥൻ മുഖേന കൈമാറുന്നതിന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്ന് തയ്യാറാക്കിയ പ്രൊജക്റ്റ് (നം-249/22 തനത് ഫണ്ട് 104000 രൂപ അടങ്കൽ) നിർവ്വഹണോദ്യോഗസ്ഥൻ നിർവ്വഹണം നടത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:16/21-22/18.11.22)ചില സാങ്കേതിക കാരണങ്ങളാലാണ് ടി പദ്ധതി നിർവ്വഹണം നടത്താൻ സാധിക്കാതെ പോയതെന്ന് മറുപടി നൽകി. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഇത്തരം ഗുണഭോക്താക്കൾക്ക് സർക്കാർ അനുവദിച്ച ആനുകൂല്യം ലഭ്യമാക്കാത്തത് ശരിയായ നടപടിയല്ല. അപാകത ആവർത്തിക്കാതെ സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | ലഭിച്ച തുക | പ്രൊജക്ടിന്റെ നം,പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | 600000 | 51/22-അംഗപരി മിതി യുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | 0 |
| | 0 | 664000 | 7/22-ലൈഫ് മിഷൻ | 664000 | 0 |
| | 0 | 224000 | 8/22-ലൈഫ് മിഷൻ | 224000 | 0 |
| | 0 | 453781 | 0/22-പട്ടർകാട് ലക്ഷം വീട് റോഡ് നവീകരണം | 453781 | 0 |
| | 0 | 425000 | 156/22-നെൽകൃഷി ചെലവ് | 45000 | 0 |
| ആകെ | 0 | 8342781 | | 8342781 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 425000 | 156/22-നെൽകൃഷിചെലവ് | 425000 | 0 |
| | 0 | 286000 | 7/22-ലൈഫ് മിഷൻ | 286000 | 0 |
| | 0 | 136000 | 8/22-ലൈഫ് മിഷൻ എസ് സി | 136000 | 0 |
| | 0 | 40000 | 160/22-ലൈഫ് മിഷൻ | 40000 | |
| | 0 | 100000 | 162/22-ലൈഫ് മിഷൻ | 100000 | |
| | 0 | 196500 | 163/22-ലൈഫ് മിഷൻ | 196500 | |
| | 0 | 225000 | 165/22-ലൈഫ് മിഷൻ | 225000 | |
| | 0 | 229200 | 166/22-ലൈഫ് മിഷൻ | 229200 | |
| | 0 | 600000 | 51/22-അംഗപരിമിതി യുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 590400 | 9600 |
| ആകെ | 0 | 2237700 | | 2228100 | 9600 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരണ വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | 163/22-വെട്ടിക്കാട്ട് പറമ്പിൽ ക.വെ.പ | 22101033/ 25.3.22 | 50000 | 0 | വിനിയോഗ വിവരംലഭ്യമാക്കി യിട്ടില്ല | 50000 |
| KSEB ഇലക്ട്രിക്കൽ സെക്ഷൻ പുലാമന്തോൾ | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ പ്രൊജക്ട് : S0133/22 | 22100952 /25.3.22 | 300000 | 0 | വിനിയോഗ വിവരംലഭ്യമാക്കി യിട്ടില്ല | 300000 |
| അനർട്ട് | റൂഫ് ടോപ്പ് സോളാർ സ്ഥാപിക്കൽ(207/22) | 22100999/22-03-2022 ബിൽ നം. 20/ 14-03-2022 | 935000 | 0 | വിനിയോഗ വിവരംലഭ്യമാക്കി യിട്ടില്ല | 935000 |

| | | | | | | |
|---|---|---|---|---|---|---|
| COSTFORD | ശ്മശാനം മെഷിനറി റിപ്പയർ പ്രവൃത്തി | 22100956/10-03-2022 | 1,30,000 | 0 | വിനിയോഗ വിവരംലഭ്യമല്ല. | 1,30,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻവർഷം ലഭ്യമായ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | 2278/LSGD/ 18.8.2018 | 880000 | 6593332 | 1349333 | 0 | 6123999 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷത്തെ വരവ് 21732/-രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12& 2012-13 | 3-2(1) 3-3 | 21732 | സുജാത ,അസി.എൻജിനിയർ | 121030104970/19.3.22 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2-1 | 2006-07 | | മരാമത്ത് | നടപടി തുടരുന്നു |
| 2009-10,2010-11 | 3.15 | 2012-13 | | ലഘു അവലോകനം- | നടപടി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | ദുരിതാശ്വാസനിധി | |
| 2014-15 | 2-1,2-2 | 2016-17 | 2-1 | തൊഴിൽ നികുതി അപാകതകൾ | നടപടി തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2008-09 | 3-3 | സി.വി.കൃഷ്ണകുമാർ, സെക്രട്ടറി, | Lf 2643 / Sp Cell/ Sc/d1/12/ Dtd 31.10.14 | 23723 | 0 | 0 | 0 | 0 | 0 | 23723 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 111791039 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92789172 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1595400 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 14,65,400 | 36,800 – ശ്രീമതി ജ്യോതിലക്ഷ്മി, സെക്രട്ടറി<br>2,000 – ശ്രീ. സുനിൽകുമാർടി.പി,സെക്രട്ടറിഇൻചാർജ്ജ്<br>1,88,600 – ശ്രീ. ബാബു , സെക്രട്ടറി<br>12,38,000 – ശ്രീമതി.ജയശ്രീ.എസ് , സെക്രട്ടറി |
| 1-25 | 1,30,000 | ശ്രീമതി ജയശ്രീ എസ്, സെക്രട്ടറി |
| ആകെ | 1595400 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1975-76 | എൽ.എഫ്.എം.3/1931/76 തിയ്യതി : 18.9.2010 | 6 |
| 1992-1993,1993-1994 1994-1995 | എൽ.എഫ്.എം.07/1012/97തിയ്യതി : 18.9.2010 | 6 |
| 1998-99 | കെ.എസ്.എ.എം.പി.എം11/2067/19(4) തിയ്യതി : 17.12.2022 | 1 |
| 2001-02 | കെ.എസ്.എ.എം.പി.എം11/2067/19(6) തിയ്യതി : 17.12.2022 | 1 |
| 2002-03 | കെ.എസ്.എ.എം.പി.എം11/2067/19(7) തിയ്യതി : 17.12.2022 | 2 |
| 2005-06(ചെലവ്) | കെ.എസ്.എ.എം.പി.എം11/2067/19(10) തിയ്യതി : 17.12.2022 | 5 |
| 2007-08 | കെ.എസ്.എ.എം.പി.എം11/2067/19(13) തിയ്യതി : 17.12.2022 | 2 |
| 2008-09 | കെ.എസ്.എ.എം.പി.എം11/2067/19(14) തിയ്യതി : 17.12.2022 | 2 |
| 2009-10,2010-11 | കെ.എസ്.എ.എം.പി.എം11/2067/19(15) തിയ്യതി : 17.12.2022 | 6 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം-11/1952/15 തിയ്യതി :3.02.16 | 24 |
| 2013-14 2014-15 | കെ.എസ്.എ.എം.പി.എം-11/1528/18 തിയ്യതി :29.08.18 | 22 |
| 2015-16 | കെ.എസ്.എ.എം.പി.എം11/3265/16/ തിയ്യതി :17.2.18 | 14 |
| 2016-17 | കെ.എസ്.എ.എം.പി.എം11/2390/17- തിയ്യതി :27.6.2018 | 8 |
| 2017-18 | കെ.എസ്.എ.എം.പി.എം-11/1946 /18തിയ്യതി :11.2.19 | 11 |
| 2018-19 | കെ.എസ്.എ.എം.പി.എം-11/419/2020 തിയ്യതി : 27-11-2020 | 21 |
| 2019-20 | കെ.എസ്.എ.എം.പി.എം-11/2142/22 തിയ്യതി : 16.3-2022 | 12 |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ.എം.പി.എം-11/2143/22<br>തീയ്യതി : 16.3.22 | 9 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എബികെ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷിക കണക്ക് സംക്ഷിപ്തം

(1)

| | | | |
|---|---|---|---|
| | Elamkulam Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14713375.00 |
| Cash | Cash | RP-40(a) | 155308.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1007850.00 |
| 140000000 | Fees & User Charges | RP-4 | 446948.00 |
| 150000000 | Sale & Hire Charges | RP-5 | 61014.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 56546288.00 |
| 171000000 | Interest Earned | RP-9 | 236720.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 20272744.00 |
| 350000000 | Other Liabilities | RP-36 | 496586.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | Non Operating | | |
| 180000000 | Other Income | RP-10 | 21732.00 |
| 330000000 | Secured Loans | RP-32 | 880000.00 |
| 340000000 | Deposits Received | RP-34 | 50025.00 |
| 350000000 | Other Liabilities | RP-36 | 220946.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 16254926.00 |
| 460000000 | Loans, Advances and Deposits | RP-47 | 426577.00 |
| | Grand total | | 111791039.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3124441.00 |
| 220000000 | Administrative Expenses | RP-12 | 779751.00 |
| 230000000 | Operations & Maintenance | RP-13 | 1473311.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6935485.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 38802488.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 865553.00 |
| 253000000 | Decentralised Plan Programme- Projects not included in<br>Sector Division | RP-18 | 2307918.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 411443.00 |

(2)

| | | | |
|---|---|---|---|
| | Elamkulam Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 7666682.80 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br>Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 42066282.00 |
| | Total Reserve & Surplus | | 49732964.80 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10155783.00 |
| | Total Grants, Contributions for Specific Purposes | | 10155783.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 6123999.00 |
| | Total Loans | | 6123999.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 122195.00 |
| 350000000 | Other Liabilities | B-9 | 1396497.20 |
| | Total Current Liabilities and Provisions | | 1518692.20 |
| | TOTAL LIABILITIES | | 67531439.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 58533606.00 |
| 411000000 | Accumulated Depreciation | B-11 | -32285134.00 |
| 412000000 | Capital Work in Progress | B-11(a) | 498002.00 |
| | Total Fixed Assets | | 26746474.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 13271453.00 |
| 440000000 | Pre-paid Expenses | B-16 | 6123999.00 |
| 450000000 | Cash and Bank Balance | B-17 | 19001867.00 |

(3)

| | | | |
|---|---|---|---|
| | Elamkulam Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4701215.00 |
| 140000000 | Fee & User Charges | I-4(b) | 629698.00 |
| 150000000 | Sale & Hire Charges | I-5(b) | 61014.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | I-6 | 155310232.00 |
| 171000000 | Interest Earned | I-8 | 236720.00 |
| 180000000 | Other Income | I-9 | 452774.00 |
| | Total Income | | 161391653.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10693922.00 |
| 220000000 | Administrative Expenses | I-11(b) | 799622.00 |
| 230000000 | Operations & Maintenance | I-12(b) | 2237548.00 |
| 240000000 | Interest & Finance Charges | I-13 | 0.0 |
| 250000000 | Decentralised Plan Programme-Productive Sector /<br>Programme Expenses | I-14 | 7280935.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 57418163.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1145860.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14(c) | 2387418.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br>Schemes (not included under Decentralized Plan Programme) | I-14(d) | 56228043.00 |
| 255000000 | Maintenance Projects | I-14(e) | 6503259.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 406675.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br>Subsidies | I-15 | 20000.00 |
| 272000000 | Depreciation | I-17(a) | 10159132.00 |

| | | | |
|---|---|---|---|
| | Total Expenditure | | 155280577.00 |
| | Gross Surplus/ Deficit of income over Expenditure | | 6111076.00 |
| 280000000 | Prior Period Item | I-18 | 83767.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 6027309.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

DEPUTY DIRECTOR
MALAPURAM